REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-02-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പഞ്ചാബ് സന്ദർശിക്കും. സന്ത്ഗുരു രവിദാസിന്റെ 649-ാം ജന്മവാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം.**
- **ലോക കേരള സഭയുടെ അഞ്ചാം സമ്മേളനം തിരുവനന്തപുരത്ത് സമാപിച്ചു.**
- **കേരളത്തിന്റെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ കൃത്യമായ നയത്തിന്റെ അടിസ്ഥാനത്തിലാണെന്ന് മന്ത്രി വീണാജോർജ്.**
- **ഇന്ത്യ-ന്യൂസിലാൻഡ് ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിലും ഇന്ത്യയ്ക്ക് ജയം.**

## വാർത്തകൾ വിശദമായി

2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. രാവിലെ 11-ന് ലോക്സഭയിലെ അവതരണത്തിന് ശേഷം ബജറ്റ് രാജ്യസഭയിൽ മേശപ്പുറത്ത് വയ്ക്കും. മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിന്റെ മൂന്നാമത്തെ ബജറ്റാണിത്. കേന്ദ്രധനമന്ത്രിയായി ചുമതലയേറ്റതിനു ശേഷം നിർമ്മല സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റുമാണ്.

പാർലമെന്റിൽ ബജറ്റ് പ്രസംഗം പൂർത്തിയാക്കിയ ശേഷം യൂണിയൻ ബജറ്റ് മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ബജറ്റ് ലഭ്യമാകും. ബജറ്റ്

അവതരണത്തിനുശേഷം, മുപ്പതോളം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും.

ജനുവരി 28 ന് ആരംഭിച്ച ബജറ്റ് സമ്മേളനം ഏപ്രിൽ 2 വരെ തുടരും.

✪✪✪

സന്ത്ഗുരു രവിദാസിന്റെ 649-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പഞ്ചാബ് സന്ദർശിക്കും. ആദംപൂർ വിമാനത്താവളത്തിന്റെ പേര് 'ഗുരു രവിദാസ് ജി വിമാനത്താവളം ആദംപൂർ' എന്ന് പ്രധാനമന്ത്രി പുനർനാമകരണം ചെയ്യും. ലുധിയാനയിലെ ഹൽവാര വിമാനത്താവളത്തിലെ ടെർമിനൽ മന്ദിരവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ജലന്ധർ ജില്ലയിലെ ദേരാ സച്ച്ഖണ്ഡ് ബല്ലാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, സന്ത് ഗുരു രവിദാസിന്റെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന പൊതുപരിപാടിയിലും പങ്കെടുക്കും.

✪✪✪

ലോക കേരള സഭയുടെ അഞ്ചാം സമ്മേളനം തിരുവനന്തപുരത്ത് സമാപിച്ചു. പശ്ചിമേഷ്യ, ആഫ്രിക്ക, അമേരിക്ക ഉൾപ്പെടെ 125 രാജ്യങ്ങളിൽ നിന്നും 23 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമായി 500-ലധികം പ്രവാസി പ്രതിനിധികൾ മൂന്ന് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുത്തു.

✪✪✪

മറ്റു സംസ്ഥാനങ്ങൾക്ക് അവകാശപ്പെടാൻ സാധിക്കാത്ത കേരള മോഡൽ ആണ് ലോക കേരള സഭയെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ അഞ്ചാമത് ലോക കേരള സഭയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ പ്രതിനിധികൾ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് ഗവൺമെന്റിന് ശിപാർശ നൽകുന്നതിനായി പ്രത്യേക സ്റ്റാൻഡിങ് കമ്മിറ്റിയെയും നിയോഗിച്ചു.

✪✪✪

ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഇന്ന് 50-ാം സ്ഥാപക ദിനം ആഘോഷിക്കുന്നു. 1977-ൽ ഏഴ് ഉപരിതല പ്ലാറ്റ്ഫോമുകളുമായി ആരംഭിച്ച ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഇന്ന് 155 കപ്പലുകളും 80 വിമാനങ്ങളും അടങ്ങുന്ന ശക്തമായ സമുദ്ര സേനയാണ്. 2030 ആകുമ്പോഴേക്കും 200 ഉപരിതല പ്ലാറ്റ്ഫോമുകളും 100 വിമാനങ്ങളും എന്ന ലക്ഷ്യത്തിലെത്താൻ തയ്യാറെടുക്കുകയാണ് കോസ്റ്റ് ഗാർഡ്.

✪✪✪

വ്യോമസേനാ യോദ്ധാക്കൾക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനായി വെസ്റ്റേൺ എയർ കമാൻഡ് ആസ്ഥാനത്ത് സിന്ദൂർ ശൗര്യ സമ്മാൻ സമ്മേളനം സംഘടിപ്പിച്ചു. രാഷ്ട്രപതിയുടെ അവാർഡുകൾ നേടിയ ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിച്ചു.

✪✪✪

'റൺ വിത്ത് ദി നേവി' എന്ന മുദ്രാവാക്യത്തോടെ ഇന്ത്യൻ നേവി ഹാഫ് മാരത്തൺ - INHM-ന്റെ രണ്ടാം പതിപ്പ് ഇന്ന് ന്യൂഡൽഹിയിൽ നടത്തും. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ മാരത്തൺ ഫ്ലാഗ് ഓഫ് ചെയ്യും.

മാരത്തണിൽ 14,000 പേർ മത്സരിക്കുമെന്ന് രാജ്യരക്ഷ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. 24 രാജ്യങ്ങളിൽ നിന്ന് 88 ഓട്ടക്കാരുടെ പ്രാതിനിധ്യവുമുണ്ടാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്.

ഉത്തരാഖണ്ഡുമായി ബന്ധപ്പെട്ട പദ്ധതികളെകുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.

( വോയ്സ് .............. )

വൈദ്യുതി ഉൽപാദനം, ടെലികോം വിപുലീകരണം, തീർത്ഥാടന അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ലക്ഷത്തി 50,000 കോടി രൂപ നിക്ഷേപം വരുന്ന 42 പദ്ധതികൾ ഉത്തരാഖണ്ഡിൽ ഉണ്ട്. ഇതിൽ, ഒരു ലക്ഷത്തി 22,000 കോടി രൂപയുടെ 15 പദ്ധതികൾ പ്രഗതി സംവിധാനത്തിന് കീഴിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അവലോകനം ചെയ്തു.

ചാർ ധാം റോഡ് കണക്റ്റിവിറ്റി, ഋഷികേശ്-കർണപ്രയാഗ് റെയിൽവേ ലൈൻ, ഡൽഹി-ഡെറാഡൂൺ എക്സ്പ്രസ് വേ പാക്കേജുകൾ, വലിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങിയ പ്രധാന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇവയിൽ ഉന്നയിക്കപ്പെട്ട 69 ൽ 67 പ്രശ്നങ്ങൾ ഇതിനകം പരിഹരിച്ചുകൊണ്ട് ഈ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിൽ പ്രഗതി സംവിധാനം നിർണായക പങ്ക് വഹിച്ചു.

✪✪✪

കേരളത്തിന്റെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ കൃത്യമായ നയത്തിന്റെ അടിസ്ഥാനത്തിലാണെന്ന് മന്ത്രി വീണാജോർജ് പറഞ്ഞു. ആലത്തൂർ താലൂക്ക് ആശുപത്രിയിലെ പുതിയ O.P ബ്ലോക്കും, നവീകരിച്ച അത്യാഹിത വിഭാഗവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

രോഗാവസ്ഥയിൽ ഒരാളും നിസ്സഹായരാകരുത് എന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് ആരോഗ്യനയം നടപ്പിലാക്കുന്നതെന്നും ചികിത്സാച്ചെലവ് കുറച്ച് സാധാരണക്കാർക്ക് മികച്ച സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കുലാല വിഭാഗങ്ങളുടെ O.E.C ആനുകൂല്യം പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി O.R കേളു പറഞ്ഞു. കണ്ണൂരിൽ മൺപാത്രനിർമ്മാണ സമുദായ സഭ 19-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാവിലെ തളിപ്പറമ്പിൽ പ്രതിനിധി സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന തദ്ദേശ ദിനാഘോഷം ഈ മാസം 18-ന് കണ്ണൂർ ആന്തൂരിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ കണ്ണൂരിൽ അറിയിച്ചു. സമാപന സമ്മേളനം ഫെബ്രുവരി 19-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഈ വർഷത്തെ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവാർഡുകൾ മുഖ്യമന്ത്രി വിതരണം ചെയ്യുമെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ മികച്ച ജില്ലാ കളക്ടറായി വയനാട് ജില്ലാ കളക്ടർ D.R മേഘശ്രീയെ തെരഞ്ഞെടുത്തു. സംയോജിത ശിശു വികസന പദ്ധതിയുടെ 2024-2025 ലെ മികച്ച സേവനത്തിന് വനിതാ ശിശു വികസന വകുപ്പിന്റെ അംഗീകാരമാണ് ലഭിച്ചത്.

✪✪✪

ഇന്ത്യ-ന്യൂസിലാൻഡ് ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരത്തിൽ ഇന്ത്യയ്ക്ക് 46 റൺസിന്റെ വിജയം. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 271 റൺസെടുത്തു.

മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ ന്യൂസിലൻഡ് 19.4 ഓവറിൽ 225 റൺസിന് പുറത്തായി. ഇതോടെ നാല് മത്സരങ്ങളും വിജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കി.

✪✪✪

കണ്ണൂരിൽ  ദക്ഷിണേഷ്യൻ വെറ്ററൻസ് ഫുട്ബോൾ ടൂർണമെന്റിൽ ഗോവയ്ക്ക് കിരീടം. ഫൈനലിൽ മലേഷ്യയെ സഡൻ ഡെത്തിലൂടെയാണ് ഗോവ പരാജയപ്പെടുത്തിയത്.

✪✪✪

ഗ്രാമീണ മേഖലയിലെ സാഹോദര്യവും ഐക്യവും ഊട്ടിയുറപ്പിക്കുന്നതിനും സാംസ്കാരിക കേരളത്തെ കൂടുതൽ കരുത്തുറ്റതാക്കാനുമാണ് കേരളോത്സവങ്ങൾ ലക്ഷ്യമിടുന്നതെന്ന് മന്ത്രി O.R കേളു പറഞ്ഞു. കണ്ണൂർ ജില്ലാതല കേരളോത്സവം പെരളശ്ശേരിയിൽ ഉദ്ഘാടനം ചെയ്യുകയിരുന്നു മന്ത്രി. മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഇതിലൂടെ സാധിക്കുമെന്നും മന്ത്രി അറിയിച്ചു. കേരളോത്സവം ഇന്ന് സമാപിക്കും.

✪✪✪

പെരളശ്ശേരിയിൽ നടക്കുന്ന കണ്ണൂർ ജില്ല  കേരളോത്സവത്തിൽ 126 പോയിൻറുമായി കണ്ണൂർ കോർപ്പറേഷൻ മുന്നിൽ. 124 പോയിൻറുമായി എടക്കാട് ബ്ലോക്ക് പഞ്ചായത്തും 115 പോയിന്റോടെ കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തും രണ്ടും മൂന്നും സ്ഥാനത്തുണ്ട്.

വൈകീട്ട്  സമാപന സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

✪✪✪

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബഡ്സ്-ബി.ആർ.സി കലോത്സവം 'മഴവില്ല് 2026' ന് കോഴിക്കോട് തുടക്കമായി. വെസ്റ്റ്ഹിൽ ഗവ. പോളിടെക്നിക് കോളേജിൽ രണ്ട് ദിവസങ്ങളിലായി നടക്കുന്ന കലോത്സവത്തിന്റെ ഉദ്ഘാടനം സിനിമ-സീരിയൽ-മിമിക്രി താരം ദേവരാജ് കോഴിക്കോട് നിർവഹിച്ചു. വിവിധ ബഡ്സ് സ്കൂളുകളിൽ നിന്നായി 350 ലധികം മത്സരാർഥികളാണ് 15 ഇനങ്ങളിലായി കലോത്സവത്തിൽ പങ്കെടുക്കുന്നത്.

✪✪✪

അന്ധ ക്ഷേമ മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ

ഇന്ന് ഇൻക്ലൂസീവ്  സ്പോർട്സ് മേള സംഘടിപ്പിക്കും. തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് മൈതാനിയിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് P.M പ്രഭാകരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ദേശീയ റോഡ് സുരക്ഷാ മാസാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നേതൃത്വത്തിൽ ബൈക്ക് റാലി നടത്തി. വിമാനത്താവളത്തിൽ നിന്ന് വിഴിഞ്ഞം തുറമുഖം വരെയായിരുന്നു റാലി. CISF ഉൾപ്പെടെ വിഭാഗങ്ങളിലെ നൂറോളം ഉദ്യോഗസ്ഥർ പങ്കെടുത്തു.

✪✪✪

നോർത്ത് മലബാർ ചെബർ ഓഫ് കോമേഴ്സ് കണ്ണൂർ പയ്യാമ്പലത്ത് ബീച്ച് മരത്തോൺ  സംഘടിപ്പിച്ചു. കായിക ഭൂപടത്തിൽ കണ്ണൂരിനെ കേരളത്തിന്റെ ഹബ്ബായി മാറ്റുക എന്ന ലക്ഷ്യത്തോടെ ആണ് ബീച്ച് റൺ ഒരുക്കിയത്.

✪✪✪

ആകാശവാണി ലിസണേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ശ്രോതാക്കൾ റേഡിയോ സെറ്റുകളുമായി കോഴിക്കോട് ആകാശവാണിക്ക് മുന്നിൽ സംരക്ഷണ വലയം തീർത്തു. കവി P.K ഗോപി ഉദ്ഘാടനം ചെയ്തു. മുൻ MLA, KNA ഖാദർ മുഖ്യാതിഥിയായി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ അർഹരായ മുഴുവനാളുകൾക്കും വോട്ടവകാശം ലഭ്യമാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെടൽ നടത്തണമെന്ന് LDF കൺവീനർ T.P.രാമകൃഷ്ണൻ ആവശ്യപ്പെട്ടു. അനധികൃതമായി വോട്ടർപട്ടികയിൽ ഇടംപിടിച്ചവരെ ഒഴിവാക്കണമെന്നും  ഈ മാസം 21-ന് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചാൽ അപാകം പരിഹരിക്കാൻ ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും അനുവദിച്ച ശേഷമേ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാവൂ എന്നും അദ്ദേഹം  അഭിപ്രായപ്പെട്ടു.

✪✪✪

2026 ഹജ്ജിന് കേരളത്തിൽ നിന്നും യാത്രയാകുന്ന ഹാജിമാർക്കായി കോഴിക്കോട് എംബാർക്കേഷൻ പോയിന്റുകളിൽ നിന്നും  ഫ്ളൈറ്റ് ഷെഡ്യൂൾ പ്രസിദ്ധീകരിച്ചു. കോഴിക്കോട്  നിന്നും ആകാശ എയർ ആണ് സർവ്വീസ് നടത്തുന്നത്.  ആദ്യ സർവ്വീസ് മെയ് 15-നാണ്.  കൊച്ചി, കണ്ണൂർ എംബാർക്കേഷൻ ഷെഡ്യൂളുകൾ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നു.

കേരളത്തിലെ മൂന്ന് എബാർക്കേഷനിൽ നിന്നും സൗദിയിലെ ജിദ്ദയിലേക്കാണ് സർവ്വീസുകൾ.

✪✪✪

കേരള കുംഭമേളയെന്ന് അറിയപ്പെടുന്ന തിരുനാവായ മഹാമാഘ മഹോത്സവം മറ്റന്നാൾ സമാപിക്കും. രാവിലെ യോഗീശ്വരപൂജയാണ് സമാപനദിവസത്തെ പ്രധാനചടങ്ങ്. ശേഷം എല്ലാവരും ചേർന്ന് അമൃതസ്നാനം നടത്തും. തുടർന്ന് സന്ന്യാസിമാരുടെ 'ഭണ്ഡാര' നടക്കും. വൈകീട്ട് നിളാ ആരതിയോടെ മഹാമാഘ മഹോത്സവത്തിനു സമാപനമാകും.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: ശരണ്യ രാജൻ*
*NRTs: നിമിഷ ജി*
*DEO: ഷീബ*